# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 739 02.12.2015-ൽ മറുപടിക്ക്

## എറണാകുളം കാൻസർ സെന്റർ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. സാജുപോൾ | | ശ്രീ.വി.എസ്.ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | എറണാകുളം കാൻസർ സെന്ററിന്റെ പ്രവർത്തനം ആരംഭിക്കാൻ വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത സെന്റർ പ്രവർത്തനം ആരംഭിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ; | (ബി) & (സി) | 3/2/2014-ലെ ജി.ഒ.(എം.എസ്) 39/2014/ആ.കു.വ പ്രകാരം എറണാകുളം മെഡിക്കൽ കോളേജ് കാമ്പസിൽ ഒരു ക്യാൻസർ സെന്റർ ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു. കൊച്ചിയിൽ ഒരു ക്യാൻസർ സെന്റർ സ്ഥാപിക്കുന്നതിന് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ മന്ത്രിസഭായോഗ തീരുമാന പ്രകാരം കൊച്ചിൻ ക്യാൻസർ & റിസർച്ച് സെന്ററിന് ഭരണാനുമതി നൽകികൊണ്ട് 4/9/2015-ലെ ജി.ഒ.(എം.എസ്) 192/2015/ആ.കു.വ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>1. കൊച്ചിൻ ക്യാൻസർ & റിസർച്ച് സെന്റർ പദ്ധതി മൂന്ന് ഘട്ടങ്ങളിലായി നടപ്പിലാക്കുന്നതിനുള്ള നടപടിയുടെ ഒന്നാംഘട്ടമായി ഒരു OPD Services ആരംഭിക്കുന്നതിനായി ആരോഗ്യവകുപ്പ് സെക്രട്ടറിയും ആർ.സി.സി. ഡയറക്ടറും സ്ഥലം സന്ദർശിച്ച് സ്ഥിതിഗതികൾ |
| (സി) | ഇവിടെ ആവശ്യത്തിന് ജീവനക്കാരെയും ചികിത്സാ സംവിധാനവും അടിയന്തിരമായി ഏർപ്പെടുത്തുമോ ? | | |

| | | |
|---|---|---|
| | | വിലയിരുത്തി. അതിനു ശേഷം സ്പെഷ്യൽ ഓഫീസർ (ജനറൽ) ആയ ഡോ. ആഷാ തോമസും സ്പെഷ്യൽ ഓഫീസർ (ടെക്നിക്കൽ) ആയ ഡോ. വി.പി. ഗംഗാധരനും സ്ഥലം സന്ദർശിച്ചു.<br>2. 6/10/2015 ലെ ജി.ഒ. (ആർ.റ്റി) നം.3262/2015/ആ.കുവ. ഉത്തരവ് പ്രകാരം എറണാകുളം മെഡിക്കൽ കോളേജ് പ്രിൻസിപ്പലിനോട് പേ വാർഡ് ബ്ലോക്കിലെ സെൻട്രൽ ബ്ലോക്ക് കെട്ടിടം സ്പെഷ്യൽ ഓഫീസർ ജനറലിന് കൈമാറാൻ നിർദ്ദേശം നൽകികൊണ്ട് ഉത്തരവായി. പ്രസ്തുത ഉത്തരവിൽ മേൽ കെട്ടിടം ടെക്നിക്കൽ സ്പെഷ്യൽ ഓഫീസറുമായി ആലോചിച്ച് ആവശ്യമായ മാറ്റങ്ങളോടുകൂടി OPD ആരംഭിക്കുന്നതിന് സജ്ജമാക്കുവാൻ പൊതുമരാമത്തുവകുപ്പുമായി ചേർന്ന് നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. പേ വാർഡ് ബ്ലോക്കിലെ സെൻട്രൽ ബ്ലോക്ക് കെട്ടിടം നവീകരിക്കുന്നതിനായി സ്പെഷ്യൽ ഓഫീസർ (ജനറൽ) വിദഗ്ധരുമായി ചർച്ച നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ കെട്ടിടം രൂപകല്പന ചെയ്യുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തു.<br>3. 6/10/2015 ലെ ജി.ഒ.(ആർ.റ്റി) നം.3258/2015/ആ.കുവ. ഉത്തരവ് പ്രകാരം കൊച്ചിൻ ക്യാൻസർ & റിസർച്ച് സെന്റർ ഒരു സൊസൈറ്റിയായി രജിസ്റ്റർ ചെയ്യുന്നതിന് സ്പെഷ്യൽ ഓഫീസർക്ക് (ജനറൽ) അനുമതി നൽകി. 15/10/2015 ലെ ജി.ഒ.(ആർ.റ്റി) നം.3380/2015/ആ.കുവ. ഉത്തരവ് പ്രകാരം MoA അംഗീകരിക്കുകയും അനന്തരനടപടികൾക്കായി സ്പെഷ്യൽ ഓഫീസർ (ജനറൽ)-നെ ചുമതലപ്പെടുത്തുകയും ചെയ്തു.<br>4. 28/10/2015-ലെ ജി.ഒ(എം.എസ്) നം. |

243/2015/ആ.ക.വ.നമ്പർ ഉത്തരവ് പ്രകാരം കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ വിദേശമദ്യ വില്പനയുടെ 5% Cess-ൽ നിന്നും ലഭ്യമാക്കുന്ന 10 കോടി രൂപ അടിയന്തിരമായി കൈമാറാൻ അടിയന്തിര നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത തുക ഹോസ്പിറ്റൽ കൺസൾട്ടൻസി സർവ്വീസസ് കോർപ്പറേഷന് പ്രാരംഭഘട്ട പ്രവർത്തനങ്ങൾക്കും മറ്റു ചെലവുകൾക്കുമായി ഉപയോഗിക്കുവാനുള്ളതാണ്. 30/11/2015-ലെ ജി.ഒ (ആർ.റ്റി) നം.3846/2015/ആ.ക.വ പ്രകാരം എറണാകുളം മെഡിക്കൽ കോളേജിലെ ബി ബിൽഡിംഗ് ഒ.പി. സൗകര്യങ്ങൾക്ക് അനുസൃതമായി പൊതുമരാമത്തുവകുപ്പിന്റെ 2.7 കോടി രൂപയുടെ എസ്റ്റിമേറ്റ് പ്രകാരം രൂപകല്പനയിൽ മാറ്റം വരുത്തുന്നതിനും നേഴ്സിംഗ് സ്റ്റാഫിനെ ആർ.സി.സി.യിൽ നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം നിയമിക്കുന്നതിനുമായി സ്പെഷ്യൽ ഓഫീസർക്ക് (ജനറൽ) അനുമതി നൽകിക്കൊണ്ട് ഉത്തരവായിട്ടുണ്ട്. കൂടാതെ സ്പെഷ്യൽ ഓഫീസർ (ജനറൽ) കേന്ദ്രസർക്കാർ അധികൃതരുമായും കോർപ്പറേറ്റ് സ്ഥാപനങ്ങളുമായും ചർച്ചകൾ നടത്തി സാമ്പത്തിക സഹായം ലഭ്യമാക്കാൻ ശ്രമങ്ങൾ നടത്തുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**